പൂയംകുട്ടി, പാമ്പാർ, വാക്കല്ലാർ, ജല വൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

21 (*441) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂയംകുട്ടി, പാമ്പാർ, വാക്കല്ലാർ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിലും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് ;

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ശക്തിപ്പെടുത്തുമോ ;

(ഡി) ഓരോ പദ്ധതിയുടേയും നിർമ്മാണ ചെലവ് എത്രയാണ് ;

(ഇ) പ്രസ്തുത പദ്ധതികൾ എത്ര വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പൂയംകുട്ടി, പാമ്പാർ, വാക്കല്ലാർ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു :

പൂയംകുട്ടി ജലവൈദ്യുത പദ്ധതി

പൂയംകുട്ടി ജലവൈദ്യുത പദ്ധതിയുടെ ഒറിജിനൽ പ്രൊപ്പോസൽ അനുസരിച്ച് സ്ഥാപിതശേഷി 750 മെഗാവാട്ട് ആയിരുന്നു. ഇത് ഒരു മൾട്ടി റിസർവോയർ, മൾട്ടി പവർ ഹൗസ് പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ആനമല-മണലി 100 മെഗാവാട്ട്, അപ്പർ ഇടമലയാർ - കടലാർ 90 മെഗാവാട്ട്, മാങ്കുളം 80 മെഗാവാട്ട്, പൂയംകുട്ടി 480 മെഗാവാട്ടും തോട്ടിയാർ ഡൈവേർഷനും ഉദ്ദേശിച്ചിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയാൽ ഏകദേശം 2800 ഹെക്ടർ വനഭൂമി മുങ്ങിപ്പോകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ കേന്ദ്ര വനപരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നിഷേധിച്ചു. ഇതേത്തുടർന്ന് പദ്ധതിയുടെ രൂപഘടനയിൽ മാറ്റം വരുത്തുകയും സ്ഥാപിതശേഷി 240 മെഗാവാട്ടായി കുറയ്ക്കുകയും പൂയംകുട്ടി കൃാച്ച്മെന്റ് ഏരിയ മാത്രമായി നിജപ്പെടുത്തുകയും ചെയ്തു. 240 മെഗാവാട്ടിന്റെ പദ്ധതിക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റി(CEA)-യുടെ ടെക്നോ ഇക്കണോമിക് അനുമതി (Techno Economic Clearance) 1984-ൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചിരുന്നു. കേന്ദ്ര പ്ലാനിംഗ് കമ്മീഷനും 1986-ൽ പദ്ധതി അംഗീകരിച്ചിരുന്നു. 1985-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് ആവശ്യമായ പാരിസ്ഥിതിക അനുമതി നിബന്ധനകൾക്ക് വിധേയമായി നൽകിയിരുന്നു (Subject & Forest Clearance)- എന്നാൽ കേന്ദ്ര വനം മന്ത്രാലയം 1991-ൽ പദ്ധതിക്ക് Forest Clearance നിഷേധിച്ചു. തുടർന്ന് കേരളം പല പ്രാവശ്യം സമ്മർദ്ദം ചെലുത്തിയെങ്കിലും വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചില്ല. പാരിസ്ഥിതിക ആഘാതം കൂടുതലാണ് എന്ന കാരണത്താലാണ് അനുമതി നിഷേധിച്ചത്. തുടർന്ന് സംസ്ഥാന വൈദ്യുതി ബോർഡ് പദ്ധതിയുടെ രൂപ രേഖയിൽ മാറ്റം വരുത്തുകയും പദ്ധതിയുടെ പരമാവധി ജലസംഭരണനില (FRL)+338 മീറ്റർ ലെവലിൽ നിന്നും 1300 മീറ്റർ ലെവൽ ആയി നിജപ്പെടുത്തുകയും സ്ഥാപിതശേഷി 210 ആയി കുറയ്ക്കുകയും ചെയ്തു. ഇതനുസരിച്ച് പദ്ധതിക്ക് ആവശ്യമായ വനഭൂമി 1420 ഹെക്ടർ ആയി കുറയ്ക്കുവാൻ സാധിച്ചു. എന്നാൽ 14-12-1999-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഫോറസ്റ്റ് ക്ലിയറൻസ് സംബന്ധിച്ച് ഫയൽ ക്ലോസ് ചെയ്യുവാൻ തീരുമാനിച്ചു. 2001-ൽ കേന്ദ്ര വനം മന്ത്രാലയം 1994-ലെ ഇ.ഐ.എ. നോട്ടിഫിക്കേഷൻ പ്രകാരം പുതിയ പാരിസ്ഥിതിക അനുമതി വാങ്ങണമെന്ന് അറിയിക്കുകയും ചെയ്തു. 210 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പൂയംകുട്ടി ജലവൈദ്യുത പദ്ധതിയുടെ പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് 4-6-2009-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അംഗീകരിച്ചു. 1367.43 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഫോറസ്റ്റ് ക്ലിയറൻസും പുതുക്കിയ പാരിസ്ഥിതിക അനുമതിയും CEA-യുടെ Techno Economic Clearance-ഉം ആവശ്യമാണ്. 1420 ഹെക്ടർ വനഭൂമിയാണ് ഈ പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്. പൂയംകുട്ടി പദ്ധതിക്കുവേണ്ടി മുമ്പ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് Forest Clearnce-നുള്ള കേന്ദ്ര ഗവൺമെന്റിന് നൽകിയിരുന്ന അപേക്ഷ വീണ്ടും പരിഗണിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് അഭ്യർത്ഥിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച ഫയൽ വനം വകുപ്പിന്റെ പരിഗണനയിലാണ്. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു വേണ്ടിവരുന്ന പാരിസ്ഥിതികാഘാത പഠനം നടത്തുന്നതിന് ഈ പദ്ധതിക്കു വേണ്ടി മുമ്പ് പ്രസ്തുത പഠനം നടത്തിയ TBGRI (Tropical Botanical Garden Research Institute, Palode)-യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 1367.43 കോടി രൂപയുടെ സർക്കാരിന്റെ ഭരണാനുമതി 12-11-2009-ൽ നൽകിയിട്ടുണ്ട്. (G.O.(MS) No. 15/09/PD).

പാമ്പാർ ജലവൈദ്യുത പദ്ധതി

40 മെഗാവാട്ട് ശേഷിയുള്ള പാമ്പാർ ജലവൈദ്യുത പദ്ധതിയുടെ ഡി.പി.ആർ. (വിശദമായ പ്രോജക്ട് റിപ്പോർട്ട്) സംസ്ഥാന വൈദ്യുതി ബോർഡ് 4-6-2009-ൽ അംഗീകരിച്ചു. കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രിബ്യൂണലിന്റെ (CWDT) വിധിപ്രകാരം കേരളത്തിന് നോൺ കൺസംപ്റ്റീവ് യൂസ് അനുവദിച്ചുള്ള ജലം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. പാമ്പാർ നദി ഒരു അന്തർ സംസ്ഥാന നദിയായതിനാൽ സെൻട്രൽ

ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അനുമതി ഇതിന് ആവശ്യമുണ്ട്. കൂടാതെ തമിഴ്നാടിന്റെ ജലവിനിയോഗം സംബന്ധിച്ച് അനുമതി നേടേണ്ടതുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ പാരിസ്ഥിതികാനുമതിയും വനഭൂമി വിട്ടു കിട്ടുന്നതിനുള്ള അനുമതിയും ആവശ്യമായിട്ടുണ്ട്. പദ്ധതിക്ക് ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 23-2-2010-ൽ ലഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ട പരിസ്ഥിതികാനുമതി ലഭിക്കുന്നതിനുവേണ്ടി ഒരു വർഷം നീണ്ട പാരിസ്ഥിതികാഘാത പഠനം നടത്തുവാൻ M/s. അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ ബാംഗ്ലൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതികാഘാത പഠനം നടക്കുന്ന മുറയ്ക്ക് വേണ്ടി വരുന്ന വനഭൂമിയിലെ വൃക്ഷങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഫോറസ്റ്റ് ക്ലിയറൻസിന് വേണ്ട അപേക്ഷകൾ നൽകുന്നതാണ്. ചിന്നാർ വന്യമൃഗ സങ്കേതത്തിന്റെ 10 കിലോ മീറ്ററിനുള്ളിൽ സാമീപ്യമുള്ളതുകൊണ്ട് NBWL(National Board of Wild Life)-ന്റെ അനുമതിയും ആവശ്യമായി വരുന്നതാണ്. ഈ പദ്ധതിക്ക് 225.40 കോടി രൂപയുടെ സർക്കാരിന്റെ ഭരണാനുമതി 11-1-2010-ൽ നൽകിയിട്ടുണ്ട്. (G.O(MS) No. 2/2010/PD).

വാക്കല്ലാർ ജലവൈദ്യുത പദ്ധതി

24 മെഗാവാട്ട് ശേഷിയുള്ള വാക്കല്ലാർ ജലവൈദ്യുത പദ്ധതി 4-6-2009-ൽ അനുവദിച്ചു. ഈ പദ്ധതിക്ക് 64 ഹെക്ടർ വനഭൂമി ആവശ്യമായിട്ടുണ്ട്. ആയതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ ഫോറസ്റ്റ് ക്ലിയറൻസ് ആവശ്യമായിട്ടുണ്ട്. ഇതിനുവേണ്ട ഫോറസ്റ്റ് & പെർഫോർമ തയ്യാറാക്കുന്നതിനും വൃക്ഷങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും ഫോറസ്റ്റ് പെർഫോർമയുടെ ഒപ്പം നൽകേണ്ട ഇ.ഐ.എ. റിപ്പോർട്ട് തയ്യാറാക്കുന്നതിനും വേണ്ടി M/s അഗ്രികൾച്ചറൽ ഫിനാൻസ് കോർപ്പറേഷൻ, ബാംഗ്ലൂരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠനം നടന്നുവരികയാണ്.

(ബി) പൂയംകുട്ടി ജലവൈദ്യുത പദ്ധതി - 210 MW

പാമ്പാർ ജലവൈദ്യുത പദ്ധതി - 40 MW

വാക്കല്ലാർ ജലവൈദ്യുത പദ്ധതി - 24 MW

ആകെ - 274 MW

(സി) ഈ പദ്ധതിക്കു മുകളിൽ (എ)-ൽ സൂചിപ്പിച്ച പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ വിവിധ അംഗീകാരങ്ങൾ ആവശ്യമായിട്ടുണ്ട്.

1. പൂയംകുട്ടി ജലവൈദ്യുത പദ്ധതി

ഫോറസ്റ്റ് ക്ലിയറൻസ് നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പാരിസ്ഥിതികാനുമതിക്ക് വേണ്ടിവരുന്ന പഠനം നടത്തുവാൻ TBGRI-യെ സമീപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പാമ്പാർ ജലവൈദ്യുത പദ്ധതി

ഈ പദ്ധതിക്കു വേണ്ടിയുള്ള ഒന്നാംഘട്ട പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. മറ്റ് അനുമതികൾ നേടിയെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് ക്ലിയറൻസ്, എൻവയോൺമെന്റൽ റിപ്പോർട്ടും തയ്യാറാക്കുവാൻ M/s അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷനനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. വാക്കല്ലാർ ജലവൈദ്യുത പദ്ധതി

പാരിസ്ഥിതിക റിപ്പോർട്ട് ഉൾപ്പെടെ ഫോറസ്റ്റ് പെർഫോർമ തയ്യാറാക്കുവാൻ M/s അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ പദ്ധതിയുടെയും 2008 വില നിലവാരം അനുസരിച്ച് നിർമ്മാണച്ചെലവ് താഴെ പറയുന്നവയാണ്.

പൂയംകുട്ടി ജലവൈദ്യുത പദ്ധതി – 1367.43 കോടി രൂപ

പാമ്പാർ ജലവൈദ്യുത പദ്ധതി – 225.40 കോടി രൂപ

വാക്കല്ലാർ ജലവൈദ്യുത പദ്ധതി – 152.50 കോടി രൂപ

(ഇ) ഈ പദ്ധതികൾ താഴെ കാണിച്ചിരിക്കുന്ന വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കാൻ കഴിയും.

പൂയംകുട്ടി ജലവൈദ്യുത പദ്ധതി – 6 വർഷം

പാമ്പാർ ജലവൈദ്യുത പദ്ധതി – 4 വർഷം

വാക്കല്ലാർ ജലവൈദ്യുത പദ്ധതി – 4 വർഷം

കയർ പിരി തൊഴിലാളികളുടെ കൂലി വർദ്ധനവ്

22 (*442) ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിലെ കയർപിരി തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ നിലവിലുണ്ടായിരുന്ന കൂലി എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സഹകരണ സംഘങ്ങളിലെ ഇത്തരം തൊഴിലാളികൾക്ക് പ്രതിദിനം എത്ര രൂപ കൂലിയായി ലഭിക്കുന്നുണ്ട് ;

(സി) സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതുപോലെ ചെറുകിട സ്വകാര്യ ഉല്പാദകർ ഉല്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly